**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1326** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഗവ. മാനവേദൻ വി.എച്ച്.എസ്.എസ്.-ന് കെട്ടിടവും ലാബും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ലെ സംസ്ഥാന ബജറ്റിൽ ഭരണാനുമതിയില്ലാത്ത പൊതുമരാമത്ത് പണികളുടെ അനുബന്ധം 2, വാല്യം 2-ലെ പേജ് നമ്പർ 51 -ൽ ക്രമ നമ്പർ 859 ആയി 2 കോടി അടങ്കൽ തുകയുടെ 20 ശതമാനമായ 40 ലക്ഷം രൂപ വകയിരുത്തി നിലമ്പൂർ ഗവ. മാനവേദൻ വി.എച്ച്.എസ്.എസ്. ലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് ലാബും കെട്ടിടങ്ങളും എന്ന പ്രവൃത്തി ഉൾപ്പെട്ടിരുന്നോ എന്നറിയിക്കാമോ; ഇക്കാര്യം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | മേൽ പ്രവൃത്തിക്ക് ഇതുവരെയും ഭരണാനുമതി ഉത്തരവ് ലഭ്യമാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൊത്തം അടങ്കലിന്റെ 20% തുക വകയിരുത്തിയിരുന്ന പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | ഉണ്ട്. ഗവ. മാനവേദൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ 224262/2021 നമ്പർ ഫയൽ എന്നാണ് ഡയറക്ടറേറ്റിൽ ലഭിച്ചതെന്നും ഫയലിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; മേൽ ഫയലിൽ കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | 23/12/2021-ൽ ലഭിച്ചു. 224485/22/TDHSE നമ്പരായി തപാലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 27/01/2022 ലെ ഫിൻ.C2/215011/2021/ എച്ച്.എസ്.ഇ നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭിക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | 2022 മാർച്ച് 31 നകം മേൽ പ്രവൃത്തിയുടെ ധനാനുമതി ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കാനായില്ലെങ്കിൽ പ്രവൃത്തി അസാധുവാകുന്നതല്ലേയെന്ന് അറിയിക്കാമോ;മാർച്ച് 31 നകം ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (ഡി) | കെട്ടിട നിർമ്മാണ പ്രവൃത്തി അസാധുവാകുന്നതല്ല. |

സെക്ഷൻ ഓഫീസർ